**1247**

ഇന്നീ മംഗലം ശോഭിക്കുവാൻ കരുണ ചെയ്ക
എന്നും കനിവുള്ള ദൈവമേ! നിന്നടി കാനാവിൽ
മണിപ്പന്തൽ പണ്ടലങ്കരിച്ചു അന്നു രസവീഞ്ഞുണ്ടാക്കി
എന്നപോലിന്നേരം വന്നു

1 ആദിമുതൽക്കൻപു ധരിച്ചോൻ നരകുലത്തെ
ആണും പെണ്ണുമായി നിർമ്മിച്ചാൻ നീതിവരം നാലും ഉരച്ചാൻ
പെറ്റുപെരുകി മന്നിടം വാഴ്കെന്നരുൾ ചെയ്താൻ
ആദമദാദികൾക്കും അനുവാദമേകിയൊരു ദേവ!
നീതിപാലിച്ചേശു നാഥനന്നു മാനിച്ചൊരു-

2 സത്യസഭയ്ക്കുനകൂലനേ! സുന്ദരീസഭയ്ക്കുത്തമനാം മണവാളനേ!
ചിത്തപാലാനന്ത നാഥനേ! പഴുതണുവും അറ്റദേവനേശു നാഥനേ!
ഒത്തപോൽ ഗുണാധികാരം എത്തി മോദമായ് സുഖിച്ചു
പാപമുക്തിയോടു പുത്രഭാഗ്യവും കൊടുക്കുമാറു-

3 ഉത്തമസ്ത്രീയായ ബാലയെ തിരഞ്ഞബ്രാമിൻ
ഭൃത്യവരൻ ചെയ്തവേലയെ ത്വൽഗുണ തുടർന്നപോലെയെ-
ഇവിടെയും നീ ചേർത്തരുളിവർ കരങ്ങളെ
നല്ല മണവാളൻ തനിക്കുള്ള മണവാട്ടിയുമായ്
കല്യമോദം ചേർന്നു സുഖിച്ചല്ലൽ വെടിഞ്ഞിടുവാനും-
**M.V.**